G.R.S.R.V.H.S.S.VELUR



# തോരണങ്ങൾ



little KITEs

2018-19

# ആമുഖം

തൃശ്ശൂർ ജില്ലയിലെ വേലൂർ
ഗവ.ആർ.എസ്.ആർ.വി.എച്ച്.എസ്.സ്കൂളിലെ
ലിറ്റിൽ കൈറ്റ്സിൽ അംഗങ്ങളായ കുട്ടികൾ
തയ്യാറാക്കിയ ഒരു ചെറിയ ഡിജിറ്റൽ
മാഗസിനാണ് തോരണങ്ങൾ എന്ന പേരിൽ
പുറത്തിറക്കുന്നത്.
സ്കൂളിലെ കുട്ടികൾ രചിച്ചതും അവർ ശേഖരിച്ചതും
നിർമ്മിച്ചതുമായ ചില വിവരങ്ങൾ
കോർത്തിണക്കിക്കൊണ്ട് ചെറിയ രീതിയിൽ
ലഭ്യമായ സങ്കേതങ്ങളുപയോഗിച്ച് ഞങ്ങൾ
തയ്യാറാക്കിയ ഈ മാഗസിൻ എല്ലാവർക്കുമായി
സമർപ്പിക്കുന്നു.
ആദ്യ സംരംഭമായതിനാൽ വളരെയധികം
തെറ്റുകുറ്റങ്ങൾകണ്ടേത്താമെങ്കിലും ചെറിയ
കുട്ടികളുടെ പ്രവർത്തനമാണെന്ന ധാരണയോടെ
ഇതിനെ ഏറ്റെടുക്കൂ...
ഞങ്ങളെ പ്രോത്സാഹിപ്പിക്കുമെന്ന്
പ്രതീക്ഷിച്ചുകൊണ്ട്,

പ്രസാധക സമിതി.

# സന്ദേശം




വിദ്യാദ്യാസ മേഖലയിൽ വിജ്ഞാനത്തിന്റ സൂര്യ തേജസ്സായി ഉയർന്നു നിൽക്കുകയാണ് തൃശ്ശൂർ ജില്ലയിലെ വേലൂരിൽ സ്ഥിതി- ചെയ്യുന്ന ഗവ.രാജ.സർ.രാമവർമ്മ ഗവ.ഹയർസെക്കന്ററി സ്കൂൾ. പഠനപ്രവർത്തനങ്ങൾക്കൊപ്പം വിവരവിനിമയ- സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്ത- രാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ ആരംഭിച്ചിട്ടുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വൈവിധ്യങ്ങളായ പല പരിപാടികളും  നടത്തിവരുന്നു . അതിൽ ഒന്നുമാത്രമാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം .ഇതിലൂടെ വിജ്ഞാനകുതുകികളായ വിദ്യാർത്ഥികൾക്ക് വിവരശേഖരണത്തി-

നും അവരുടെ സർഗാത്മസൃഷ്ടികൾ പ്രകാശിപ്പിക്കാനും അവസരം ലഭിക്കുന്ന ലിറ്റിൽ കൈറ്റ്സിലൂടെ ആർജിക്കുന്ന വിവരങ്ങൾ വിവിധമേഖലകളിൽ ഇവർക്കു പ്രയോജനപ്പെടു-ത്താനാവുമെന്ന് പ്രത്യാശിക്കുന്നു .ഇവർക്ക് എല്ലാ വിധത്തിലുള്ള പിന്തുണയും പ്രോത്സാഹനവും എപ്പോഴും ഉണ്ടാകുമെന്ന് ഉറപ്പുനല്കുന്നു.

ഹെഡ്മിസ്ട്രസ്സ്

ലളിത.വി.എൻ

# ആശംസ



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ തോരണങ്ങൾ എന്ന മാഗസിൻ വിദ്യാർഥികളുടെ സർഗാത്മക-സാങ്കേതിക

സ്നേഹാദരങ്ങളോടെ

**പ്രിൻസിപ്പാൾ,**

**ഡോ.സി.എഫ്.ജോൺ ജോഫി**

# താളുകൾ മറിക്കുമ്പോൾ

കവിതകൾ

ലേഖനങ്ങൾ

ചിത്രങ്ങൾ

പോസ്റ്ററുകൾ

ആൽബം

പ്രധാനദിനങ്ങങ്ങൾ

കുറിപ്പുകൾ

കൊളാഷ്

# പൂക്കൾ

എന്തു ഭംഗിയുള്ള പൂക്കൾ
ഇതളുകളിൽ വർണ്ണങ്ങൾ
നിറഞ്ഞ്
വിടർന്നു നിൽക്കുന്ന പൂക്കൾ
എന്റെ സ്വന്തം പൂക്കൾ



# സോപ്പിനു പറയാനുള്ളത്



നിൻ പുറത്തെ ചെളി മായ്ക്കാൻ
ഞാൻ നിന്നൊപ്പമുണ്ടെന്നാലും
നിന്നകത്തെ ചെളി മായ്ക്കാൻ
ശ്രമിച്ചാലു മാകില്ലല്ലോ

അതിനായ് നീയുണ്ടാക്കേണം
നിന്നുള്ളിലൊരു സോപ്പ്
എന്നാലേ നീയാഗ്രഹിക്കും ലോകം
നിനക്കായ് തുറന്നീടൂ



# സമയം

വാച്ചുകൾ ക്ലോക്കുകൾ പലരും കടകളിൽ
നിന്നു വാങ്ങുന്നു.....
അവ പണം മുടക്കി വാങ്ങുന്നു.....
ക്ലോക്കിൽ സമയം കൂട്ടുകയോ ചെയ്യാം
എന്നാൽ സമയം പണം കൊടുത്ത്
വാങ്ങാവുന്ന ഒന്നല്ല
എല്ലാമെല്ലാം സമയമയം.....



# ചന്ദ്രന്റെ മായാജാലം

എല്ലാ ദിവസവും ആകൃതി മാറും
പട്ടം പോലെ കൂടെ നടന്നീടും
പഞ്ഞി കെട്ടിൽ ചാഞ്ഞുറങ്ങും
വെൺമ നിറഞ്ഞ സൗന്ദര്യമാണ് നീ

# കണ്ണുനീർ

കണ്ണുനീർ ഒരു നിയോഗമാണ്
ആർക്കുവേണ്ടി അതൊഴുതക്കുന്നുവോ
അവരതു കാണാതെ പോകുന്നതിനേക്കാൾ
സ്വന്തമായ ചിന്താഗതിയിലേക്ക്
വഴിതെളിയിക്കുവാനായി,
പിന്മാറാതെ മുന്നോട്ട് പോകുവാനായി,
ചിലപ്പോഴൊക്കെ ആർക്കുവേണ്ടിയെന്നു
പോലും ചിന്തിക്കാനാവാതെ,
വേണ്ടാന്ന് വെച്ചാലും
വിളിക്കാതെ വരുന്നൊരു അതിഥി!



മറ്റൊരാളുടെ മിഴിനിറഞ്ഞാൽ
അവരുടെ മിഴിയും നിറയും
അതും അറിയാതെ
കനിവുള്ള മനസാണെങ്കിൽ മാത്രം!

വല്ലപ്പോഴും മാത്രമാണത്തിനു
സന്തോഷത്തിന്റെ പരിമണമുണ്ടാവൂ


ഉപ്പിന്റെ രസമുള്ള
വറ്റാത്ത ഉറവയുള്ള
സ്വന്തമാണെന്ന്
തർക്കിക്കാനൊരു അവകാശി
കണ്ണുനീർ തുള്ളി......

-അഭിജൻ.പി.എം

# SOCIAL
# മീഡിയ



**ഇന്നെല്ലാം സോഷ്യൽ മീഡിയകളായ facebook,whatsapp,twitter തുടങ്ങിയവയിലൂടെയാണ് പങ്കുവയ്ക്കപ്പെടുന്നത്.നമ്മൾ നമ്മുടെ വികാരങ്ങളെ പ്രകടിപ്പിക്കാൻ ഉപയോഗിക്കുന്ന ചില Smiley കളെ പരിചയപ്പെടാം...**





[READ MORE...]

# വംശനാശം സംഭവിച്ച

# ജീവികൾ






















READ MORE...


# കടലോളം ജീവൻ
# കടലാണു ജീവൻ



ജൈവവൈവിധ്യത്തിന്റെ കലവറയാണ് കടൽ.
ഏറ്റവും ചെറിയ സസ്യപ്ലവങ്ങളായ ഡയറ്റമുകൾ മുതൽ ഭീമൻ തിമിംഗലങ്ങൾ വരെ കടലിലെ താമസക്കാരാണ്.
വിവിധ തരത്തിലും വലുപ്പത്തിലുമുള്ള മത്സ്യങ്ങൾ,
തിമിംഗലങ്ങൾ,ഡോൾഫിനുകൾ,കടലാമകൾ,
പവിഴപ്പുറ്റുകൾ,കടൽനുരകൾ,ജെല്ലിഫിഷുകൾ,
മറ്റു കടൽജീവികൾ അങ്ങനെ ഇനിയും ഒത്തിരിപ്പേർ.......

കൂടുതൽ അറിയാൻ.....

# THE MOON



The Moon moves round the Earth. It is our neighbour,and is about a quarter of a million miles away.

The Moon is not a planet. Like a planet,it seems bright because it reflects light from the Sun.

Have you seen the"Man in Moon?"Look at the Moon on a clear night. It is marked,and sometimes it looks like a face in the sky.

These marks are really craters and mountains on the Moon's surface.

As the Moon moves round the Earth,only parts of it reflect light from the Sun. That is why we see so many shapes.

Other planets also have moons. It is now known that the planet Jupiter has twelve moons. These can only be seen through a telescope.

READ MORE...

## പേന



ചില്ലിൻകൂട്ടിലിരിക്കുന്ന
മഷിയും നിറച്ചിരിക്കുന്ന
പലതും എഴുതി കൂട്ടുന്ന
മഷി നിറച്ച പേന
ആവശ്യമില്ലാതെവിടെയും
വലിച്ചെറിയും പേന....



## മേഘം

എല്ലാ ദിവസവും മായാതെ നീ
പഞ്ഞി കെട്ടു പോലെ നീ
പട്ടം പോലെ എന്റെ കൂടെ
പാറി നടക്കും മേഘം നീ!

## പൂരം



നാട്ടിലൊരു പൂരം വന്നാൽ
നാട്ടിലാകെ പൊടിപൂരം !
അച്ഛനെൻ വീട്ടിൽ വന്നാൽ
വീട്ടിലാകെ അടിപൂരം !

# പരിസ്ഥിതിപ്രാധാന്യമുള്ള

# ദിനങ്ങൾ

| | |
|---|---|
| ജൂൺ 5 | ലോകപരിസ്ഥിതി ദിനം |
| ജൂൺ 8 | ലോക സമുദ്രദിനം |
| ജൂൺ 20 | സൗരോർജദിനം |
| ജൂലൈ 11 | ലോക ജനസംഖ്യാദിനം |
| ജൂലൈ 21 | ചാന്ദ്രദിനം |
| സെപ്റ്റംബർ 2 | നാളികേരദിനം |
| സെപ്റ്റംബർ 16 | അന്തർദേശീയ ഓസോൺ ദിനം |
| ഒക്ടോബർ 4 | ലോക ജന്തുക്ഷേമ ദിനം |
| ഒക്ടോബർ 16 | ഭക്ഷ്യദിനം |
| നവംബർ 12 | ദേശീയ പക്ഷിനിരീക്ഷണദിനം |
| നവംബർ 21 | ലോക ഫീഷറീസ് ദിനം |
| ഡിസംബർ 5 | ലോക മണ്ണുദിനം |
| ജനുവരി 26 | ലോക പരിസ്ഥിതി വിദ്യാഭ്യാസദിനം |
| ഡിസംബർ11 | പർവതദിനം |
| ഫെബ്രുവരി 2 | ലോകതണ്ണീർത്തടദിനം |
| മാർച്ച് 21 | സർവ്വദേശീയ വനംസംരക്ഷണദിനം |
| മാർച്ച് 22 | ലോകജലദിനം |
| മെയ് 22 | ജൈവവൈവിധ്യദിനം |
| മെയ് 31 | ദേശാടനപ്പക്ഷിദിനം |


## കൂടുതൽ അറിയാൻ

# POSTERS



SMOKING IS INJURIES TO HEALTH

DONATE EYE





DONATE BLOOD BUT NOT ON THE ROAD







# മഴവില്ല്

മഴമുകിൽ മാനത്തണയുമ്പോൾ
ദിനകരനമ്പു തൊടുത്തിടിൽ
മഴവില്ലമ്പട തെളിയുന്നു
മയിലും നൃത്തംവെയ്ക്കുന്നു


-ശ്രീഹരി. പി.കെ

# മുള്ള്



ജീവിതത്തിന്റെ
മുകളിലേയ്ക്ക്
ഇറക്കികിടത്തിയ
വാക്കാണ് കവിത
മുറിവുകൾ പൂത്ത
മരമാണ് ജീവിതം

-അശോകൻ പുത്തൂർ



## മിന്നൽ

ജീവനിൽ
സ്നേഹത്തിന്റെ
വെടിയുപ്പു നിറച്ചവളെ
പൊട്ടിത്തെറിക്കാൻ
ചിരിയുടെ
ഒരു മിന്നൽ തരൂ...
ജീവനിൽ
സ്നേഹത്തിന്റെ
വെടിയുപ്പു നിറച്ചവളെ
പൊട്ടിത്തെറിക്കാൻ
ചിരിയുടെ
ഒരു മിന്നൽ തരൂ...

-അശോകൻ പുത്തൂർ

## നക്ഷത്രം



ആകാശത്തിൻ പന്തലിലായ്

ബൾബുകളെത്തറ മിന്നുന്നു

വല്യമരത്തിൽ ചില്ലകളിൽ

ഒത്തിരി മിന്നാംമിന്നികൾ പോൽ

-അനീഷ്. ടി.ആർ



# ഉദയിത്തിൽ

ഇല്ലത്തമ്മ വിളക്കു തെളിച്ചു
ഇല്ലം നിറയുന്നുല്ലാസം
ഇല്ലിത്തുമ്പിനുമല്ലിത്താരിനു-
മില്ലം തെളിവതിലാഹ്ലദം

-അഖിൽ കൃഷ്ണ

# അമ്പിളി

ഒത്തിരി ദൂരത്തൊത്തിരി പൊക്ക-
ത്തൊത്തിരി തോഴന്മാരൊത്ത്
ഒട്ടു വിശാലതയേറും മുറ്റ–
ത്തൊച്ചയനക്കവുമില്ലാതെ
ഒച്ച കണക്കിലുലാത്തി നടപ്പു
ഒന്നാം കുന്നിൻ കാരണവർ



–മനു കൃഷ്ണ




## CHILDREN'S RIGHTS

- Right  to freedom of speech and expression
- Right to life and liberty
- Right to maximum survival and liberty
- Right to protection and care against physical and mental abuse
- Right to participation
- Right to learn,rest and leisure
- Right to parental and societal care,and protection
- Protection from child labour and hazardous work
- Protection against neglect
- Right to know one's culture and live accordingly

–ആൽവിൻ .ഇ.വൈ

# മധു

പറയാതെ മിണ്ടാതെരിക്കുവാനേറെ നേരമായ്
ആശങ്കയിപ്പോഴും തെല്ലില്ലാതിലാ വിശപ്പകറ്റാൻ
ഒരു പിടിയന്നമയ് ഇരുന്നപ്പോഴും വിഭവസമൃദ്ധമായിട്ടും
എന്തുകൊണ്ടാ വിശപ്പകന്നതെന്നറിയാം.
ബാക്കിയൊരുപിടിപോലും കളയാതെ
ഞാനെന്റയനുജനേകി കൈകഴുകി.
നവ മാധ്യമ കാഴ്ചയിൽ നിന്നെല്ലാം
വിശപ്പിന്റ ചറച്ചകൾ പലവിധെമെങ്കിലും
വീണ്ടും ഒരാവർത്തനം
"പട്ടിണിക്കോലമായിട്ടുമുണ്ണി........
മനുഷ്യൻ
മറന്നു പോയനിന്റ
വിശപന്നൊട്ടിയ
വയറിനോടു ചെയ്ത തെറ്റിന് മാപ്പ്"
അറക്കുന്ന മൃഗങ്ങളുടെ പോലും വിശപ്പകറ്റാൻ

കനിവുകാട്ടുന്ന
അറവുകാരെയെങ്കിലും
ഓർത്തിരുന്നെങ്കിൽ?
വീണ്ടുവിചാരമെന്തിനീ നഷ്ടമായ നിൻ
പ്രാണനു പകരമെന്താവാൻ......?
മാപ്പ്....

- രമ്യ സതീഷ്





# വർണ്ണക്കുട

എന്റെ കയ്യിലുള്ള കുഞ്ഞിക്കുട
സ്വിച്ചിട്ടാൽ നിവരും വർണ്ണക്കുട
ആരുംകാണാൻ കൊതിക്കുംകുട
മഴയെത്തെന്നെ നനയ്ക്കാതെ
വെയിലത്തെന്നെ ചൂടെൽപ്പിക്കാതെ
എന്റെ ഹൃദയത്തിലെ വർണ്ണക്കുടെ
എന്നും എന്റെകുട്ടിക്കുട

-അശ്വതി .വി.എസ്



# ജനലുകൾ

തുറന്നിടുന്ന ജനലുകൾ
നമ്മെപുറത്തെത്തിക്കുന്നു
വീടൊരു ശരീരമാണെങ്കിൽ അതിലെ
ജനലാണ് നമ്മുടെ **കണ്ണുകൾ**



പുറംഭംഗി ജനലുകളിലൂടെ ആസ്വദിക്കും പോലെ
നാം നമ്മുടെ കണ്ണുക്കൾ ജനലുക്കള......

-സൗമ്യ .വി

# മുറിവ്



വക്കു  പൊട്ടിയ

വാക്കുകൾ കൊണ്ട്

എറിയുന്നതു കൊണ്ടാവാം

നിനക്ക്



അത്രമേൽ ആഴത്തിൽ

മുറിവേൽക്കുന്നത്

മുറിവുകൾ പൂത്ത-

മരമാണ് ജീവിതം.

- *മഞ്ജുഷ. വി. ബി*

# ഇളം കാറ്റ്



നിലാരാത്രികളിൽ

എൻ ജാലകം തുറന്നീടുമ്പോൾ

പാറിപറക്കും എൻ മുടി താളുകളിൽ

നിൻ സ്നേഹമാം സ്പർശം

ആ കാറ്റിനെ ഞാൻ ഒരുപാട് സ്നേഹിക്കുന്നു

എന്നും എൻ നിഴലായ് തുടരേണം.



# യാത്ര

യാത്രയ്ക്കിടയിൽ കേൾക്കും പലതും

യാത്രയ്ക്കിടയിൽ ചെയ്യും പലതും

അടുത്തിരിക്കുന്നവരെ തിരിഞ്ഞുനോക്കാതെ

ഫോണിൽ കുത്തിയിരിക്കും  പലരും

ബന്ധങ്ങൾ വളരാതെ സൗഹൃദങ്ങൾ
വളരാതെ

ലോകത്തെ അറിയാതെ ജീവിക്കും പലരും.



# പൂപറിക്കൽ

ഏതാണേതാണേഴിമല
ഏറെപ്പൂക്കൾ  പൂക്കൾ പൂത്ത മല?
ആരാപ്പൂക്കളിറുക്കുന്നു
സൂര്യൻ  തന്നുടെ

*-വിനയ്*

# മോഹം

ഉണ്ണാനമ്മ  വിളിച്ചാലും

ഉണ്ണാൻ  വന്നു  ക്ഷണിച്ചാലും

ഉണ്ണിക്കുട്ടനു  മുറ്റത്തെ

മണ്ണിൽക്കളിയാടാൻ മോഹം

*-അനഘ*

# Sufferings



why should we suffer?
we are tired of doing this
Why should we pay ?
Why should we do this every days.

stop child labour
our cuts and bruises are healing
as we do this day by day
it's like they feel but have no feelings?
We are tired of doing this every day.

Stop child labour...



child's cry
children have a dream
their dream is to
learn and to get an job .....

— *Archana.p.s*




# കാറ്റ്

ഉരുകുന്ന വേനലിൽ എന്നെ
പുണരുന്ന ഇളം കാറ്റേ,
ഞാൻ സ്നേഹിക്കുന്നു,നിന്നെ
നീ വരുമ്പോൾ മഴയും നീ എന്നി-
ലേക്ക്പകരുന്നു,വാടുന്ന പൂക്കളെ
തഴുകി ഉണർത്തുന്നു
നിനക്ക് വിളിപ്പേരുകൾ എന്തെല്ലാം
ഇളംകാറ്റ്,വേനൽക്കാറ്റ് എന്നിങ്ങനെ..

-അഭിജൻ .പി.ആർ

# നന്ദി

ഈ മാഗസിൻ നിർമ്മാണത്തിനായി
ഞങ്ങൾക്ക് എല്ലാവിധ
പ്രോൽസാഹനങ്ങളും വിലയേറിയ
ഉപദേശങ്ങളും നൽകിയ
എല്ലാവർക്കും അകൈതവമായ നന്ദി
ഇവിടെ രേഖപ്പെടുത്തട്ടെ...



## Members of

# little kites

1. ANJAY KRISHNAN
2. KAILASNADH A S
3. LIYA P JOHNSON
4. DEVIKA E S
5. ALWIN E Y
6. ADITHYA T D
7. ALEX A T
8. ABHISHEK K T
9. ALFY V C
10. ABHIJITH M R
11. DONALD XAVI
12. AKHILDAS P M
13. ALEENA JOSE
14. DONA DAVIS
15. MALAVIKA SIVASANKARAN
16. HARIKRISHNA E.G
17. ABHIJITH V S
18. VYSAKH M N
19. ASWIN RAJ

little KITEs

2018-19